File No.EXC/1241/2022-XE9

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 26/03/2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC10/2022/EXCISE**

വിഷയം: എക്സൈസ് ഭരണപരം - വിവിധ ശ്രേണികളിൽ ഓഫീസുകളുടെ വിശദപരിശോധന സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന: കേരള എക്സൈസ് മാനുവൽ 2-ാം വാല്യം 4-ാം അദ്ധ്യായം.

എക്സൈസ് വകുപ്പിൽ മുതിർന്ന ഉദ്യോഗസ്ഥർ തങ്ങളുടെ കീഴിലുള്ള ഓഫീസുകളിൽ നിലവിൽ രണ്ട് തരത്തിലുള്ള പരിശോധനകൾ നടത്തേണ്ടതുണ്ട് . ഇന്റേണൽ ഓഡിറ്റിന്റെ ഭാഗമായി നടത്തുന്ന പരിശോധനയും , മേൽനോട്ട ചുമതല നിർവഹണത്തിന്റെ ഭാഗമായി നടത്തുന്ന പരിശോധനയും.

ഇന്റേണൽ ഓഡിറ്റിന്റെ ഭാഗമായി നടത്തുന്ന പരിശോധന എല്ലാ മേലുദ്യോഗസ്ഥരും അവരുടെ കീഴിലുള്ള ഓഫീസുകളിലെ ഉദ്യോഗസ്ഥരെ ഉപയോഗിച്ചാണ് നടത്തിവരുന്നത്. അതിനുപരിയായി സാധാരണ നടത്തുന്ന പരിശോധനകളിൽ പല അവസരങ്ങളിലും ഓഫീസിന്റെ പ്രവർത്തനം ആഴത്തിൽ പരിശോധിക്കപ്പെടുന്നില്ല. മാത്രമല്ല കൃത്യമായ ഇടവേളകളിൽ എല്ലാ ഓഫിസുകളും ഇത്തരം പരിശോധനകളിൽ ഉൾപ്പെടുന്നുമില്ല. എന്നാൽ ഓരോ ഓഫീസിന്റേയും വിവിധ മേഖലകളിൽ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്താനും, അവ വകുപ്പിന്റെ പ്രവർത്തനലക്ഷ്യങ്ങളുമായി താദാത്മ്യപ്പെട്ടു തന്നെയാണോ നടക്കുന്നതെന്ന് അറിയുവാനും, ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ പ്രവർത്തനനൈപുണ്യം പരിശോധിക്കുന്നതിനും, സേനാംഗങ്ങളുടെ ക്ഷേമപരമായ കാര്യങ്ങളെക്കുറിച്ചും , അവർക്കുള്ള ആവശ്യങ്ങളെക്കുറിച്ചും അറിയുന്നതിനും, ഓഡിറ്റിൽ നിന്നും വിഭിന്നമായി പ്രവർത്തനങ്ങളുടെ പരിശോധന (Inspection) വിവിധ ശ്രേണികളിലുള്ള ഉദ്യോഗസ്ഥർ നടത്തേണ്ടതായിട്ടുണ്ട്. ഇതിനെ വളരെ ചുരുക്കത്തിൽ സൂചനയിൽ പറയുന്ന വാല്യത്തിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ അതിന് വ്യവസ്ഥാപിതമായ ഒരു ഘടന നൽകാനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു . ആയതിനാൽ സംസ്ഥാനത്തെ എക്സൈസ് റെയിഞ്ച് ഓഫീസുകൾ മുതലുള്ള എല്ലാ എക്സൈസ് ഓഫീസുകളിലും മേലുദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ താഴെ പറയുന്ന ക്രമമനുസരിച്ച് നേരിട്ട് പരിശോധന നടത്തേണ്ടതാണ്. ആയതിനുള്ള മാർഗ്ഗനിർദേശങ്ങൾ ചുവടെ ചേർക്കുന്നു.